"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - പുത്താർ നീർത്തടവികസന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് രേഖകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.414/2026/AGRI തീയതി,തിരുവനന്തപുരം, 28-04-2026

---

പരാമർശം:-

1. സ.ഉ (എം.എസ്) നം 26/2019/പ്ലാനിംഗ് തീയതി 15/10/2019
2. ശ്രീ . തങ്കപ്പൻ ബഹു.കൃഷി വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച 16/10/2021 ലെ നിവേദനം
3. സ.ഉ.(സാധാ) നം 482/2025/കൃഷി തീയതി 20/05/2025
4. ശ്രീമതി ഷീബാ തോമസ്-ന് നൽകിയ 27/11/2025 ലെ AGRI-EA3/88/2021-AGRI നമ്പർ കുറ്റാരോപണ മെമ്മോ
5. ശ്രീ അലക്സാണ്ടർ സാമുവൽ, ശ്രീമതി ഗീതാ അലക്സാണ്ടർ, ശ്രീമതി വി. അനിതാമണി, ശ്രീ വി.എസ്. സത്യൻ എന്നിവർക്ക് നൽകിയ 27/11/2025 ലെ AGRI-EA3/88/2021-AGRI നമ്പർ കാരണംകാണിക്കൽ നോട്ടീസ്
6. ശ്രീ ശശി പൊന്നണയ്ക്ക് നൽകിയ 01/12/2025 ലെ AGRI-EA3/88/2021-AGRI നമ്പർ കാരണം കാണിക്കൽ നോട്ടീസ്
7. ശ്രീ അലക്സാണ്ടർ സാമുവൽ നൽകിയ 17/12/2025 ലെ പ്രതിവാദ പത്രിക
8. ശ്രീ സത്യൻ വി എസ് നൽകിയ 18/12/2025 ലെ പ്രതിവാദ പത്രിക
9. ശ്രീമതി ഷീബ തോമസ് നൽകിയ 20/12/2025 ലെ പ്രതിവാദ പത്രിക
10. ശ്രീ ശശി പൊന്നണ നൽകിയ 17/01/2026 ലെ പ്രതിവാദ പത്രിക
11. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 19/02/2026 ലെ ADFW/4768/2023-SVC(3) നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമ പഞ്ചായത്തിലെ പുത്താർ നീർത്തട വികസന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കൃഷി ഓഫീസർമാരുടെ അഴിമതി സംബന്ധിച്ച് ശ്രീ. തങ്കപ്പൻ പരാമർശം (2) പ്രകാരം സമർപ്പിച്ച പരാതിയിന്മേൽ ടിയാൻ ലഭ്യമാക്കിയിരുന്ന രേഖകൾ പരിശോധിച്ചതിൽ ടി വിഷയവുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെയും ആസൂത്രണ വകുപ്പിന്റെയും അന്വേഷണം കൂടി പൂർത്തീകരിക്കേണ്ടത് അഭികാമ്യമാണെന്നും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തുന്നത് പരിഗണിക്കേണ്ടതാണെന്നും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. 2008-ൽ ഭരണാനുമതി നല്കിയ പുത്താർ നീർത്തട പദ്ധതിയുടെ Programme Implementation Agency അവരുടെ സഹായത്തിനായി ശ്രീ തങ്കപ്പനെ തിരഞ്ഞെടുത്തതാണെന്നും ഗവൺമെന്റിനോ ജില്ലാ കളക്ടർക്കോ ശ്രീ തങ്കപ്പൻ ഉന്നയിച്ചിരിക്കുന്ന നഷ്ടപരിഹാരം സംബന്ധിച്ച് ഉത്തരവാദിത്തം ഇല്ലായെന്നും ടിയാൻ വാദിയായി ബഹു:ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)16369/2016 നമ്പർ കേസ് സ്വതന്ത്രമായ നടപടികളിൽ തീരുമാനിക്കേണ്ട വസ്തുതയുടെ തർക്ക വിഷയമായതിനാൽ തീർപ്പാക്കിയിരുന്നതായും റിപ്പോർട്ട് ചെയ്തുകൊണ്ട് ആസൂത്രണ വകുപ്പ് അന്വേഷണം അവസാനിപ്പിച്ചിട്ടുണ്ട്.

2.പുത്താർ നീർത്തടവികസന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് രേഖകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ (വിരമിച്ചവർക്കെതിരെ KSR Part III Rule 3 പ്രകാരവും, നിലവിലുള്ളവർക്കെതിരെ 1960 ലെ KCS ( CC&A) Rule 15 പ്രകാരവും) അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കൃഷി ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ ശശി പൊന്നണയ്ക്ക് **പരാമർശം (6)** പ്രകാരവും ശ്രീ അലക്സാണ്ടർ സാമുവൽ, ശ്രീമതി ഗീതാ അലക്സാണ്ടർ, ശ്രീമതി വി. അനിതാമണി, അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ വി.എസ്. സത്യൻ എന്നിവർക്ക് **പരാമർശം (5)** പ്രകാരം കാരണം കാണിക്കൽ നോട്ടീസും, കൃഷി ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനിൽ ജോലി ചെയ്തുവരുന്ന ശ്രീമതി ഷീബാ തോമസിനു **പരാമർശം (4)** പ്രകാരം കുറ്റാരോപണ മെമ്മോയും നൽകിയിരുന്നു.

3. പരാമർശം (7), (8), (9), (10) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (11) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ധനകാര്യ പരിശോധനാ വിഭാഗം റിപ്പോർട്ടിലോ, ഇന്റേർണൽ വിജിലൻസ് വിഭാഗം റിപ്പോർട്ടിലോ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടില്ലായെന്നും KARDA ചെയർമാൻ വ്യവസ്ഥകൾക്ക് വിരുദ്ധമായി പദ്ധതി നിർവഹണം ഏൽപ്പിച്ച ശ്രീ തങ്കപ്പൻ സ്വന്തം നിലയിൽ ചെലവിച്ച തുക ലഭിക്കണമെന്ന പരാതിയിലാണ് ഈ അന്വേഷണം ആരംഭിച്ചിട്ടുള്ളത് എന്നും **പരാമർശം (3)** പ്രകാരം ശ്രീ. തങ്കപ്പന്റെ ആവശ്യകത നിരസിച്ച് ഉത്തരവാകുകയും **പരാമർശം (1)** ഉത്തരവ് പ്രകാരം പശ്ചിമഘട്ട വികസന പദ്ധതി നിർത്തലാക്കുകയും പദ്ധതിയുടെ ആസ്തി

ബാധ്യതകൾ മണ്ണ് സംരക്ഷണ വകുപ്പിനെ ഏൽപ്പിച്ചിട്ടുള്ളതുമാണ് എന്നും ശ്രീമതി ഷീബാതോമസ് ഒഴികെയുള്ള മറ്റെല്ലാ ഉദ്യോഗസ്ഥരും സേവനത്തിൽ നിന്ന് വിരമിച്ചവരുമാണ് എന്നും ആയതിനാൽ ശ്രീ ശശി പൊന്നണ, ശ്രീ അലക്സാണ്ടർ സാമുവൽ, ശ്രീമതി ഗീതാ അലക്സാണ്ടർ, ശ്രീമതി വി. അനിതാമണി, ശ്രീ വി.എസ്. സത്യൻ, ശ്രീമതി ഷീബാ തോമസ് എന്നിവർക്കെതിരായ അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കുന്നത് പരിഗണിക്കാവുന്നതാണന്നും പരാമർശം (11) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ വിശദീകരണങ്ങൾ സ്വീകരിച്ച് ടി ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജാഫർഖാൻ.എസ്

അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന)

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി (AGRI- EA3/88/2021-AGRI)

ഉത്തരവിൻ പ്രകാരം

Signed by

Aswathi S Poonkavanam

Date: 28-04-2026 19:10:04

സെക്ഷൻ ഓഫീസർ